# അംഗപരിമിതിയുടെ പ്രതീകവത്ക്കരണം വേദേതിഹാസമാനകങ്ങളിൽ

ഡോ. കെ.എസ്. ലത
അസ്സോസിയേറ്റ് പ്രൊഫസർ, സർക്കാർ സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ.

പ്രബന്ധ സംഗ്രഹം:

ഭിന്നശേഷിയുള്ളവരുടെ അരികുവത്കരണം ഈ ദശകത്തിൽ ഏറെ വിശകലനം ചെയ്യപ്പെട്ടിട്ടുണ്ട്. അംഗപരിമിതരുടെ സമഗ്രസത്തയെപ്പറ്റി ചിന്തിക്കാതെ അവരുടെ സാമൂഹിക അപര്യാപ്തതകളെപ്പറ്റിയുള്ള ചർച്ചകളാണ് കൂടുതലായും നടക്കുന്നത്. ഭാരതീയ വൈദിക ഇതിഹാസ സാഹിത്യങ്ങളിൽ കേന്ദ്രസ്ഥാനത്തു നില്ക്കുന്ന അവരുൾപ്പെടുന്ന ചരിത്രത്തെ മുന്നോട്ടു നയിക്കുന്ന ഭിന്നശേഷിക്കാരായ പ്രധാന കഥാപാത്രങ്ങൾ ഒട്ടേറെയുണ്ട്. മിക്കവാറും നിർഭാഗ്യമെന്നും ദുരന്തമെന്നും വൈകല്യമെന്നും വ്യവഹരിക്കപ്പെടുന്ന ഈ അവസ്ഥാവിശേഷം സമൂഹമനസ്സിനെ സ്വാധീനിക്കുകയും ഒരു സ്റ്റീരിയോടൈപ്പ് നിർമ്മിതിയ്ക്ക് കാരണമാകുകയും ചെയ്തിട്ടുണ്ട്. ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ചില വൈദിക ഇതിഹാസ കഥാപാത്രങ്ങളെ ഇവിടെ വിശകലനം ചെയ്യുന്നു.

**താക്കോൽ വാക്കുകൾ:** പുരുഷസൂക്തം, അരുണൻ, അഷ്ടാവക്രൻ, ധൃതരാഷ്ട്രർ, ശകുനി, മന്ഥര.

ഋഗ്വേദം പുരുഷസൂക്തം ആയിരം ശിരസ്സും ആയിരം കണ്ണുകളും ആയിരം കാലുകളുമുള്ള ഒരു പുരുഷനെപ്പറ്റി വർണ്ണിക്കുന്നുണ്ട്[1]. അസാധാരണ സ്വരൂപം സൃഷ്ടിക്കുന്ന ആദരവും ഭയവും അജയ്യതയും സ്വീകരിച്ചു കൊണ്ട് പ്രപഞ്ചത്തിന് ഒരു കാരണദേവതയെ സൃഷ്ടിക്കുകയാണ് ഈ സൂക്തം ചെയ്യുന്നത്. മറ്റൊരു ഋഗ്വേദസൂക്തത്തിൽ അന്ധനായി പിറന്ന ദീർഘതമസ്സ്

ദേവതയാകുന്നുണ്ട്[2] ദീർഘകാലം അജ്ഞാന തമസ്സിൽപ്പെട്ടുഴന്നതിനെപ്പറ്റി ദീർഘതമസ്സ് പാടുന്നുണ്ട്. സൂര്യന്റെ വിശേഷണമായ ഹിരണ്യപാണി എന്ന പദം വ്യാഖ്യാനിയ്ക്കുമ്പോൾ സായണാചാര്യൻ സൂര്യന്റെ കൈ മുറിഞ്ഞുപോയതുകൊണ്ട് പകരം ഒരു പൊൻകൈ വച്ചുപിടിപ്പിച്ചു എന്ന ഭാഷ്യത്തിൽ പറയുന്നുണ്ട്. ബിസി അഞ്ചാം നൂറ്റാണ്ടിൽ രൂപപ്പെട്ടതെന്നു കരുതപ്പെടുന്ന കഠോപനിഷത്തിൽ "അന്ധേനൈവ നീയമാനാ യഥാന്ധാ"[3] (അന്ധനാൽ നയിക്കപ്പെടുന്ന അന്ധന്മാരെ പോലെ) എന്നൊരുപമയുണ്ട്. അംഗ പരിമിതിയിലൂന്നുകയും മറ്റൊരു തരം വ്യാഖ്യാനത്തിനും വഴങ്ങാതിരിക്കുകയും ചെയ്യുന്ന ഈ വിശേഷണം പ്രാചീന ജനത ഭിന്നശേഷിക്കാരെ എങ്ങനെയാണ് ഉൾക്കൊണ്ടിരുന്നത് എന്നതിന്റെ വിശദീകരണമാണ്. സാംസ്കാരിക പാഠനിർമ്മിതികളിലും സാഹിത്യരചനകളിലും അംഗപരിമിതി നേരിടുന്നവർ പ്രത്യക്ഷത്തിൽ നിസ്സഹായതയും വിവേചനവും അനുഭവിക്കുന്ന സഹതാപമുണർത്തുന്ന കഥാപാത്രങ്ങളാണ്, മറ്റൊരു വീക്ഷണകോണിൽ ധീരനായകന്മാരും.

മനുസ്മൃതിയിലും കൗടില്യന്റെ അർത്ഥ ശാസ്ത്രത്തിലും ഭിന്നശേഷി വിഭാഗത്തെ എങ്ങനെ പരിഗണിക്കണം എന്നതിനുള്ള നിർദ്ദേശങ്ങളുണ്ട്. വിവാഹ ബന്ധത്തിന് അംഗവൈകല്യമില്ലാത്ത സ്ത്രീയെ തിരഞ്ഞെടുക്കണമെന്നും ഭിന്നശേഷിക്കാരെ പ്രാണികൾക്കും നായ്ക്കൾക്കുമൊപ്പം മാറ്റി നിർത്തണമെന്നും പ്രാചീന നിയമ വിധാതാവായ മനു ഉപദേശിക്കുന്നുണ്ട്.[4] അർത്ഥശാസ്ത്രത്തിൽ കൂനൻമാർക്കും കുള്ളൻമാർക്കും ശ്രദ്ധേയമായ ശാരീരിക പരിമിതി നേരിടുന്ന വ്യക്തികൾക്കും ചാരന്മാരായും രഹസ്യാന്വേഷകരായും പ്രവർത്തിക്കാനുള്ള പരിശീലനം നല്കാൻ നിർദ്ദേശിക്കുന്നുണ്ട്.[5] മഹാഭാരതത്തിൽ പരാമർശിക്കപ്പെടുന്ന ശിശുപാലൻ എന്ന ചേദി രാജാവ് ജനിക്കുന്നത് മൂന്നു കണ്ണുകളോടും നാലു കൈകളോടും കൂടിയാണ്. അതിശക്തനായ മഗധ രാജാവ് ജരാസന്ധനും നിർജ്ജീവമായ അർദ്ധ ശരീരമായിട്ടാണ് പിറന്നതെന്ന് ഐതിഹ്യം. നിഷധ രാജാവായ നളൻ പൂർവ്വ കർമ്മപാപം കൊണ്ട് വിരൂപനായി മാറുന്നുണ്ട്. ഇതിൽ വിവരിയ്ക്കപ്പെടുന്ന മറ്റൊരു കഥാപാത്രം അരുണൻ അർദ്ധ ശരീരത്തിനുടമയാണ്.[6] ശരീരമദ്ധ്യം മുതൽ താഴേക്ക് പാതിശരീരവും കാലുകളും ഇല്ലാത്ത ഈ ദേവൻ ചിലയിടത്ത് ഉഷസ്സെന്നും വ്യവഹരിക്കപ്പെടുന്നുണ്ട്. ലിംഗഭേദം വ്യക്തമായി പ്രസ്താവിക്കപ്പെടാത്തതുകൊണ്ടുതന്നെ ഈ ദേവത ട്രാൻസ്ജെൻഡർ സ്റ്റഡീസിൽ ഒരു സ്പെസിമെനായി തീരുന്നുണ്ട്. മനുഷ്യന്റെ ഉടലും സിംഹത്തിന്റെ ശിരസുമുള്ള നരസിംഹാവതാരം, എട്ടു കൈകളുള്ള ലക്ഷ്മീ രൂപം, വാമനാവതാരം ഇവയൊക്കെ പൊതു

ബോധത്തെ രൂപപ്പെടുത്തിയ ജൈവ സങ്കല്പനങ്ങളാണ്. അംഗ പരിമിതിയും അമാനുഷികതയും കൂട്ടിച്ചേർത്തു സൃഷ്ടിക്കപ്പെട്ട ഇത്തരം പ്രതീകങ്ങൾ സമൂഹ മനോഭാവത്തെ സ്വാധീനിച്ചിട്ടുണ്ട്.

### അഷ്ടാവക്രൻ: വിജ്ഞാനവും ഭിന്നശേഷിയും

ഭിന്നശേഷിയെ വിജ്ഞാനം കൊണ്ട് മറികടന്ന് സമൂഹത്തിന്റെ അംഗീകാരം നേടിയെടുക്കുന്ന വൈദിക ഋഷി അഷ്ടാവക്രൻ സ്വേച്ഛയുടെയും ആത്മ ബലത്തിന്റെയും പ്രതീകമാണ്. മഹാഭാരതത്തിലും ഛാന്ദോഗ്യോപനിഷത്തിലും പദ്മപുരാണത്തിലും ഈ ഋഷിയെക്കുറിച്ചുള്ള സൂചനകളുണ്ട്[7] അമ്മയുടെ ഗർഭത്തിൽ കിടന്ന് പ്രമാതാമഹൻ വേദമന്ത്രങ്ങൾ ഉരുവിടുന്നത് കേട്ടുപഠിച്ച ശിശു, പിതാവ് വേദം ഉച്ചരിച്ചപ്പോൾ വരുത്തിയ എട്ടു തെറ്റുകൾ തിരുത്തുകയും കുപിതനായ പിതാവ് നീ എട്ടു വളവുകളോടെ പിറക്കട്ടെയെന്നു ശപിക്കുകയും ചെയ്തു. എട്ടു വളവുകളോടെ പിറന്ന ആ കുട്ടി അഷ്ടാവക്രൻ എന്ന പേരിൽ അറിയപ്പെടുകയും വിജ്ഞാനിയായി വളരുകയും ചെയ്തു. സമൂഹത്തിൽ നിന്ന് അപമാനവീകരണങ്ങളും തിരസ്കാരങ്ങളും നേരിടുന്നുണ്ടെങ്കിലും ബ്രഹ്മർഷി പദവിയിലെത്തുകയും അഷ്ടാവക്രസംഹിത (ഗീത) രചിച്ച് താൻ സമാഹരിച്ച യഥാർത്ഥ ജ്ഞാനത്തെ ലോകത്തിനു പങ്കുവെയ്ക്കുകയും ചെയ്തു അഷ്ടാവക്രൻ. അംഗപരിമിതിയെന്ന ന്യൂനതകൊണ്ട് നിർമ്മിയ്ക്കപ്പെട്ട, ഭീതിയും അന്യഥാത്വവും ജനിപ്പിയ്ക്കുന്ന സ്ഥിരം ആദിപ്രരൂപമാതൃകയ്ക്ക് പുറത്തുനില്ക്കുന്ന കഥാപാത്രമാണ് അഷ്ടാവക്രൻ. അളവില്ലാത്ത വിജ്ഞാനംകൊണ്ട് ലോകത്തിന്റെ ആദരം നേടുമ്പോൾ സമൂഹത്തിന്റെ കേന്ദ്രസ്ഥാനത്തു പ്രതിഷ്ഠിയ്ക്കാവുന്ന ഒരു സജീവ ചാലകശക്തിയായി അഷ്ടാവക്രൻ മാറുന്നുണ്ട്.

### ധൃതരാഷ്ട്രർ: ഭരണനിപുണതയും കാഴ്ചപരിമിതിയും

അംബികക്ക് വ്യാസനിയോഗത്തിൽ ജനിച്ച പുത്രൻ കുരുവംശ രാജാവായ ധൃതരാഷ്ട്രർ ജന്മനാ അന്ധനായിരുന്നു. നൂറ് ആനകളുടെ കരുത്തുള്ള ആ രാജാവാണ് മഹാഭാരതത്തിലെ കേന്ദ്ര സ്ഥാനത്തു നിന്നുകൊണ്ട് രാഷ്ട്രനീതിയ്ക്കും പ്രജാപരിപാലന തന്ത്രങ്ങൾക്കും പുതിയ വ്യാഖ്യാനങ്ങൾ സൃഷ്ടിച്ച് ഗ്രന്ഥത്തെ ഇതിഹാസ പദവിയിലേയ്ക്ക് ഉയർത്തിയത്. പക്ഷേ, പ്രതിലോമമായി ചിത്രീകരിക്കപ്പെട്ട കഥാപാത്രമാണ് ധൃതരാഷ്ട്രർ. പുത്രന് രാജ്യം ലഭിക്കുക എന്ന സ്വതാത്പര്യസംരക്ഷണത്തിനു വേണ്ടി മഹായുദ്ധത്തിനു ഹേതുവായവൻ എന്നു പഴി കേൾക്കുന്നയാൾ. എന്നാൽ രാജപദവിയിലെത്തുന്നതുവരെയുള്ള ധൃതരാഷ്ട്രരുടെ വളർച്ചയുടെ ചരിത്രം പരിശോധിച്ചാൽ അന്ധതയുടെ

പേരിൽ സിംഹാസനം നഷ്ടപ്പെട്ട ഒരു പിൻചരിത്രം കൂടി ഉണ്ടതിൽ. ഭീഷ്മരുടെ ശിക്ഷണത്തിൽ വ്യക്തമായ കണക്കുകൂട്ടലുകളോടെ രാജവാകുന്നതിനു യോജിച്ച പരിശീലനങ്ങൾ ധൃതരാഷ്ട്രർക്കും സൈന്യാധിപനാകുന്നതിനുള്ള പരിശീലനങ്ങൾ പാണ്ഡുവിനും നല്കിയിരുന്നു. ഭരണ നിർവ്വഹണം, നീതി നിർവ്വഹണം, തീരുമാനമെടുക്കൽ, കാര്യ നിർവ്വഹണം ഇവയിലൊക്കെ നിപുണനായിരുന്നു ധൃതരാഷ്ട്രർ. യുദ്ധകാര്യങ്ങളിൽ പാണ്ഡുവും. ഭീഷ്മരുടെ സഹായത്തോടെ ഒരു കെട്ടുറപ്പുള്ള സംഘമായി അവർക്ക് അത്ഭുതങ്ങൾ കാഴ്ചവയ്ക്കാനാകുമായിരുന്നു. രാജാവായി അഭിഷിക്തനാകാനിരിക്കേ മന്ത്രി പദവിയിലുണ്ടായിരുന്ന വിദുരരുടെ 'എങ്ങനെയാണ് ഒരു അന്ധൻ രാജ്യം ഭരിക്കുക' എന്ന ചോദ്യത്തിനു മുന്നിൽ രാജ്യം നഷ്ടപ്പെട്ടയാളാണ് ധൃതരാഷ്ട്രർ. അന്ധൻ രാജ്യം ഭരിച്ച മുൻചരിത്രമുണ്ടായിട്ടില്ല. അങ്ങനെ ധൃതരാഷ്ട്രർക്ക് രാജ്യം നഷ്ടപ്പെട്ടു. കാഴ്ചപരിമിതി കഴിവുകേടായി വിലയിരുത്തപ്പെട്ടു. കുറച്ചു കാലത്തിനു ശേഷം രാജാവായ പാണ്ഡു യാദൃച്ഛികമായി മരണമടയുകയും വീണ്ടും രാജപദവി ധൃതരാഷ്ട്രർക്കു വന്നുചേരുകയും ചെയ്തു. നിർബ്ബന്ധത്തിനു വഴങ്ങി തന്റെ പരിമിതികളെപ്പറ്റി ഉറച്ച ബോധ്യത്തോടെ താല്പര്യമില്ലാതെയാണ് അദ്ദേഹം രാജാവാകുന്നത്. പക്ഷേ, ധൃതരാഷ്ട്രരുടെ രാജവാഴ്ച ഭരണപരമായി ദുർബ്ബലമെന്നോ ജനങ്ങളിൽ അസന്തുഷ്ടി ഉണ്ടാക്കിയെന്നോ ക്രമസമാധാന പാലനത്തിൽ വീഴ്ച ഉണ്ടായെന്നോ ഒന്നും സൂചിപ്പിക്കപ്പെട്ടിട്ടില്ല. പക്ഷേ, കാഴ്ചയില്ലായ്മ എന്ന പരിമിതിയെ മുൻനിർത്തി ധൃതരാഷ്ട്രരുടെ പരമാധികാരം ചോദ്യം ചെയ്യപ്പെടുന്നുണ്ട്. ദുര്യോധനനും അത്ര നല്ലതല്ലാത്ത ഒരു മനോഭാവം ഈ ആന്ധ്യത്തോട് പുലർത്തുന്നുണ്ട്. അംഗപരിമിതർക്കു വേണ്ടി സമൂഹനിർമ്മിതമായ തടവുകൾക്കുള്ളിൽ നില്ക്കുന്ന നിസ്സംഗനായ കഥാപാത്രമാണ് ധൃതരാഷ്ട്രർ (മഹാഭാരതം, ആദിപർവ്വം, ഭാഗം: 67, 109, 136, വനപർവ്വം: ഭാഗം, 49).

### ശകുനി: ബുദ്ധികൂർമ്മതയും കൌശലവും

ധൃതരാഷ്ട്രരുടെ സ്യാലനായിരുന്ന ഗാന്ധാര രാജാവ് ശകുനി (സൗബലൻ) മുടന്തനായിരുന്നു. ഒപ്പം കോങ്കണ്ണ് എന്ന കാഴ്ച പരിമിതിയും നേരിട്ടിരുന്നു. കുരുവംശചരിത്രത്തെ നിർണ്ണയിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചു. ദോഷൈകദൃക്കും തന്ത്രജ്ഞനുമായ സൗബലൻ ഒരു ഉപജാപകനായാണ് ഗ്രന്ഥത്തിൽ ഉടനീളം ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. സമർത്ഥനായ ചൂതുകളിക്കാരനും കുരുവംശത്തോട് ഒടുങ്ങാത്ത പക സൂക്ഷിക്കുന്നവനുമായ ശകുനിയുടെ കള്ളച്ചൂതുകളിയാണ് കുരുക്ഷേത്ര യുദ്ധത്തിനു നാന്ദി കുറിച്ചത്. ശകുനിയെന്ന പദം ഉപജാപകൻ

എന്ന അർത്ഥത്തിലാണ് സമൂഹമനസ്സിൽ പ്രതിഷ്ഠിതമായത് എന്ന വസ്തുത ആദിപ്രരൂപനിർമ്മിതിയെ വെളിപ്പെടുത്തുന്നു.

മന്ഥര : ഭിന്നശേഷിയും രാജഭക്തിയും

രാമായണത്തിൽ കൈകേയിയുടെ പ്രിയപരിചാരികയായ മന്ഥരയും അംഗപരിമിതി നേരിടുന്ന ഒരു കഥാപാത്രമാണ്. രാമന്റെ വനവാസത്തിന് ഹേതുവാകുന്നത് ഗുണ ദോഷ വിചാരങ്ങൾകൊണ്ട് കൈകേയിയെ മാറ്റിമറിയ്ക്കാൻ കഴിവുള്ള മന്ഥരയുടെ സാന്നിദ്ധ്യമാണ്. രാജ്ഞിയുടെ പരിചാരകരുടെ നേതൃസ്ഥാനം വഹിച്ചിരുന്നത് മന്ഥരയാണ്. ബാല്യകാലം മുതൽ തന്നെ കൈകേയിയുടെ സംരക്ഷണത്തിനു നിയുക്തയായ അതിബുദ്ധിമതിയായ മന്ഥര എന്ന സഖിയാണ് വികലയും ദുർബുദ്ധിയുമായ ഉപജാപകയായി ചരിത്രത്തിൽ ഇടം പിടിച്ചത്.

ത്രിവക്ര: ഭക്തിയും പ്രണയവും ഭിന്നശേഷിയും

മധുരയിലെ കൂനിയായ ദാസി, കുബ്ജയെന്നും അറിയപ്പെട്ടിരുന്ന ത്രിവക്ര കൃഷ്ണ പ്രണയം കൊണ്ട് ശ്രദ്ധ നേടിയ പുരാണകഥാപാത്രമാണ്. കംസനുവേണ്ടി സുഗന്ധദ്രവ്യങ്ങളും കുറിക്കൂട്ടുകളും ഉണ്ടാക്കിയിരുന്ന ആ പരിചാരിക തന്റെ കയ്യിലുണ്ടായിരുന്ന ഏറ്റവും മികച്ച സൌന്ദര്യവസ്തുക്കൾകൊണ്ട് കൃഷ്ണനെ അഭിഷേകം ചെയ്ത് ആത്മസമർപ്പണത്തിലൂടെ സുന്ദരിയായി മാറുന്ന കഥ ഭാഗവതം ദശമസ്കന്ദത്തിലുണ്ട്. ശരീരത്തിൽ മൂന്നിടത്തായി കൂനുകളുള്ള വിരൂപസത്തയെ കൃഷ്ണൻ മനോജ്ഞാംഗിയാക്കി മാറ്റുന്നതിൽ അംഗപരിമിതിയിലും സാദ്ധ്യതകൾ കണ്ടെത്തുന്നുവെന്നൊരു സന്ദേശം സന്നിവേശിപ്പിച്ചിട്ടുണ്ട്.

മഹാകവി കാളിദാസനും ശുക്രാചാര്യരും ച്യവനമഹർഷിയുമൊക്കെ അംഗപരിമിതരുടെ ഗണത്തിലുണ്ട്. കാളിദാസൻ മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തി ആയിരുന്നുവെന്നൈതിഹ്യം. ച്യവനമഹർഷിയും ശുക്രാചാര്യരും അന്ധരാക്കപ്പെട്ട പുരാണകഥാപാത്രങ്ങളാണ്. ആന്ധ്യം സ്വയം വരിച്ച് പതിയോട് സാധർമ്മ്യം പുലർത്തിയ ഗാന്ധാരിയും സാന്ദർഭികമായി സൂചിതാർഹയാണ്. വ്യാസനിയോഗത്തിലുള്ള അതൃപ്തികൊണ്ട് അംബിക കണ്ണിറുകെയടച്ചതാണ് ധൃതരാഷ്ട്രർ അന്ധനായി പിറക്കാൻ കാരണമെന്ന പരാമർശത്തിലൂടെ ശാരീരികപരിമിതികൾക്ക് കാരണം തിരഞ്ഞ് വേണമെങ്കിൽ മനഃശാസ്ത്രവിജ്ഞാനീയത്തോളം ചെന്നെത്താം. പക്ഷേ, അത്തരം വിശകലനങ്ങൾ പൂർണ്ണമായും യുക്തിബോധത്തെ തൃപ്തിപ്പെടുത്തുന്നവയല്ല.

ഈ കഥാപാത്രങ്ങളൊക്കെ കർമ്മസിദ്ധാന്തത്തിന്റെ ചരടിൽ

കൊരുക്കപ്പെട്ടവരാണ്. പൂർവ്വജന്മ കർമ്മാർജ്ജിതമാണ് ഈ ജന്മം. പൂർവ്വകർമ്മങ്ങൾ വർത്തമാനകാല ഫലങ്ങളായി മാറും. ഈ കാര്യകാരണ സിദ്ധാന്തം ഭാരതത്തിൽ രൂപപ്പെട്ട പ്രാചീന ദർശനങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. ബുദ്ധിസം, ജൈനിസം, സിഖിസം തുടങ്ങിയ പൗരസ്ത്യ ദർശനങ്ങൾ ഈ ആശയം ഉയർത്തിപ്പിടിക്കുകയും ഭിന്നശേഷി വിഭാഗങ്ങളെ ഒരു പ്രതിലോമ വീക്ഷണത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ശാരീരിക പരിമിതി ഉള്ളവർ അനുഭവിക്കുന്ന അവഗണനകളും മുഖ്യധാരയിൽ നിന്നുള്ള പാർശ്വവത്ക്കരണവും പഴികളും പരിഹാസങ്ങളുമെല്ലാം അവരുടെ കഴിവുകേടിലൂന്നിത്തന്നെയാണ് ക്ലാസിക്കൽ സാഹിത്യത്തിലും വിവരിക്കപ്പെട്ടിട്ടുള്ളത്. രാഷ്ട്രതന്ത്രങ്ങളെ പറ്റി ഹനുമാൻ ഭീമനു നല്കുന്ന കാര്യോപദേശത്തിലും മാർക്കണ്ഡേയ മഹർഷി യുധിഷ്ഠിരനു നല്കുന്ന രാജ്യതന്ത്ര നിർദ്ദേശങ്ങളിലും അംഗപരിമിതരെ അകറ്റി നിർത്തണമെന്നും അവർക്കു മേലൊരു ശ്രദ്ധ വേണമെന്നും പറയുന്നു (ഭാഗം: 169) മറ്റൊരിടത്ത് കർമ്മഫലങ്ങളാണ് മരമായും മൃഗമായും ഹിംസ്രജന്തുക്കളായും പാമ്പായും പുഴുവായും കൃമിയായും പക്ഷിയായും പ്രാണിയായും അന്ധനായും ബധിരനായും മൂകനായും മനോരോഗിയായും മാറാവ്യാധിയുള്ളവരായും പിറക്കാൻ കാരണമെന്നു പ്രസ്താവിക്കുന്നു (ഭാഗം: 36). യുധിഷ്ഠിരന്റെ രാജസദസ്സിൽ മുക്കണ്ണ്, നെറ്റിക്കണ്ണ്, ഒറ്റക്കാൽ എന്നീ സവിശേഷതകളുള്ളവർക്ക് പ്രവേശനമുണ്ടായിരുന്നില്ല (ഭാഗം: 50). ചരകസംഹിതയും ഡിസെബിലിറ്റിയെ കർമ്മ സിദ്ധാന്തവുമായി ബന്ധപ്പെടുത്തുന്നു. പൂർവ്വകർമ്മഫലങ്ങളെ അംഗപരിമിതിയും ശാരീരികവൈകല്യവുമായി പ്രതീകവത്ക്കരിക്കുമ്പോൾ അത് സമൂഹ മനോഭാവത്തെ വിപരീതമായി സ്വാധീനിക്കുന്നുണ്ട്. അങ്ങനെയാണ് ഭിന്നശേഷി ഒരു ആർക്കിടൈപ്പായി മാറുന്നത്. സാമൂഹികമായ കൊടുക്കൽ വാങ്ങലുകളിലും സാംസ്കാരിക നിർമ്മിതികളിലും വ്യക്തിനിഷ്ഠമായ പുനർവിചിന്തനങ്ങളിലും ഇപ്പോഴും സജീവമായി നിലനില്ക്കുന്ന ഇന്ത്യയുടെ വേദപുരാണപാരമ്പര്യം ഭിന്നശേഷി എന്ന അവസ്ഥയെ ഒരു ആർക്കിടൈപ്പാക്കി സമൂഹബോധത്തിൽ ആഴത്തിൽ സംസ്കരിച്ചിട്ടുണ്ട്.

### ഡിസെബിലിറ്റി: വർത്തമാനകാലസമീപനങ്ങൾ

വികലാംഗരുടെ അവകാശങ്ങൾ സംബന്ധിച്ച ഐക്യരാഷ്ട്രസഭയുടെ കൺവെൻഷൻ വൈകല്യത്തെ ഇങ്ങനെ നിർവ്വചിക്കുന്നു. "ഒരു വ്യക്തിക്ക് ചില പ്രവർത്തനങ്ങൾ ചെയ്യുന്നതിനോ ഒരു നിശ്ചിത സമൂഹത്തിനുള്ളിൽ തുല്യമായ പ്രവേശനം ലഭിക്കുന്നതിനോ കൂടുതൽ ബുദ്ധിമുട്ടാക്കുന്ന ഏതൊരു അവസ്ഥയുടെയും അനുഭവമാണ് ഭിന്നശേഷിത്തം." ഇത് വൈജ്ഞാനികമോ

വികാസപരമോ ബൗദ്ധികമോ മാനസികമോ ശാരീരികമോ ഇന്ദ്രിയപരമോ ആയ ഒന്നിലധികം ഘടകങ്ങളുടെ സംയോജനമാകാം. ഈ നിർവ്വചനപ്രകാരം ചരിത്രപരമായ ഒരു ഇടുങ്ങിയ മാനദണ്ഡത്തെ അടിസ്ഥാനമാക്കി മാത്രമേ ഭിന്നശേഷിത്തം സംവദിയ്ക്കപ്പെട്ടിട്ടുള്ളൂ. ഭിന്നശേഷിത്വം ചരിത്രത്തിലുടനീളം വ്യത്യസ്തമായ സൈദ്ധാന്തിക പദ്ധതികളിലൂടെ മനസ്സിലാക്കപ്പെടുന്നുണ്ടെങ്കിലും അതിനെ വിശദീകരിക്കാൻ ശ്രമിക്കുന്ന രണ്ട് പ്രധാന മാതൃകകളാണ് മെഡിക്കൽ മാതൃകയും സാമൂഹിക മാതൃകയും. ഈ മാതൃകകളും ഭിന്നശേഷിത്തത്തിന്റെ ആന്തരികസമസ്യകളെ ഉൾക്കൊള്ളുന്നില്ല. മറ്റൊരു വസ്തുത വൈകല്യവുമായി ബന്ധപ്പെട്ട പ്രതിഭാസങ്ങളെ വിവരിക്കാൻ മാത്രമായി ഉപയോഗിയ്ക്കുന്ന ചില പദങ്ങൾ അവരെ അപകീർത്തിപ്പെടുത്തുന്നതിനും പൊതുധാരയിൽ നിന്നകറ്റിനിർത്തുന്നതിനും കാരണമാകുന്നുവെന്നുള്ളതാണ്. കൂടാതെ ഭിന്നശേഷിക്കാരെ അടിച്ചമർത്തുന്ന തരത്തിലുള്ള അല്ലെങ്കിൽ അവരുടെ പുരോഗതിയെ തടസ്സപ്പെടുത്തുന്ന തരത്തിലുള്ള രാഷ്ട്രീയ പ്രശ്നങ്ങൾ എപ്പോഴും സമൂഹത്തിൽ ഉളവാകുന്നുണ്ട്.

വികലാംഗ പ്രവർത്തകർ നിയമപ്രകാരം  തുല്യമായ അവകാശങ്ങൾ ലഭിക്കാൻ പോരാടുന്നുണ്ട്. ഡിസെബിലിറ്റി ആക്ടിവിസം പാരമ്പര്യ സംവിധാനങ്ങളെ തകർക്കാൻ സഹായിക്കുന്നുണ്ടെങ്കിലും , വൈകല്യങ്ങളെക്കുറിച്ചുള്ള ധാരണയുമായി ബന്ധപ്പെട്ട സാമൂഹിക മാനദണ്ഡങ്ങൾ   ശക്തിയോടെ നിലനിൽക്കുന്നു. ആധുനിക സമൂഹത്തിൽ വൈകല്യത്തേക്കുറിച്ചുള്ള നിഷേധാത്മക ധാരണ വ്യാപകമായതിനാൽ, ഭിന്നശേഷിക്കാർ മുഖ്യധാരയിൽ ഉൾച്ചേർന്നു പോകാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു വരുന്നുണ്ട്. വ്യക്തിസത്തയുടെ ബഹുമുഖ മാനങ്ങളെ അംഗീകരിക്കാതെ ഭിന്നശേഷിത്തമെന്ന പരിമിതിയിൽ  രൂപപ്പെടുന്ന പൊതുബോധത്തെ  അന്യഥാ ഭാവത്തോടെയാണ് ഭിന്നശേഷിക്കാർ സമീപിക്കുന്നത്. വികലാംഗരായ ആക്ടിവിസ്റ്റുകൾ ഇപ്പോഴും വികലാംഗരെ മുഖ്യധാരാസമൂഹത്തിലേക്ക് സമന്വയിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. കൂടാതെ കല, സോഷ്യൽ മീഡിയ, സ്പോർട്സ് തുടങ്ങിയ മേഖലകളിൽ ഭിന്നശേഷിക്കാർക്കു  മാത്രമുള്ള നിരവധി ഇടങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.[8]

മാനുഷ്യകത്തെ പൂർണ്ണമായും പഠനവിഷയമാക്കുന്ന നരവംശശാസ്ത്രത്തിന്റെ ഉപവിഭാഗമായ കൾച്ചറൽ ആന്ത്രപ്പോളജിയിൽ മനുഷ്യന്റെ സാമൂഹികവും സാംസ്കാരികവുമായ പരിതോവസ്ഥകളും പരിണാമങ്ങളും മതവും നിയമങ്ങളും സ്റ്റിഗ്മകളും ആണ് പ്രധാന അന്വേഷണ മേഖല. ഡിസെബിലിറ്റിയ്ക്ക് ഊന്നൽ

നല്കുന്ന 'Twisty mind in a twisted body' എന്ന വാക്യം തിന്മയെ കുറിക്കാനുപയോഗിക്കുന്ന ഒരു സാഹിത്യ സങ്കേതമാണ്. സാർവ്വലൌകികമായി ഭിന്നശേഷിക്കാരോടു പുലർത്തിയിരുന്ന മനോഭാവമാണ് ഈ ശൈലിയ്ക്കു പിന്നിൽ. രോഗാവസ്ഥ പോലെ വസ്തുനിഷ്ഠമായി ഡിസെബിലിറ്റിയെ നിർവ്വചിക്കാനാവില്ല. അതിന്റെ മാനകങ്ങൾ കാഴ്ചപ്പാടുകളേയും തിരിച്ചറിവുകളേയും സാംസ്കാരിക സങ്കല്പങ്ങളേയും സാമൂഹിക-കുടുംബ ചുറ്റുപാടുകളേയും അനുസരിച്ച് മാറുന്നുണ്ട്. 2016-ലെ ആക്ട് നമ്പർ 49 അനുസരിച്ചാണ് ഇൻഡ്യയിൽ ഡിസെബിലിറ്റിയുള്ളവരുടെ അവകാശങ്ങൾ നിർവ്വചിക്കുന്നത്.[9] എന്നാൽ നരവംശ ശാസ്ത്രജ്ഞർ വളരെമുമ്പേ ഡിസെബിലിറ്റിയെ സാമൂഹിക വിനിമയങ്ങളുടെ കാഴ്ചപ്പുറങ്ങളിൽ നിന്നുകൊണ്ട് എത്തനൊഗ്രഫിയുടേയും ഫിനൊമിനോളജിയുടേയും സാംസ്കാരപ്പകർച്ചകളുടെയും ഉപോത്പന്നങ്ങളായി നിർവ്വചിച്ചിരുന്നു. അമേരിയ്ക്കൻ നരവംശ ശാസ്ത്രജ്ഞൻ രുത്ത് ബെനിഡിക്റ്റ് 1934-ൽ പ്രസിദ്ധീകരിച്ച 'ക്രോസ് കൾച്ചറൽ കൺസെപ്ഷൻസ് ഓഫ് എപ്പിലെപ്സി' എന്ന റിസേർച്ച് പേപ്പറാണ് നരവംശശാസ്ത്രശാഖയിൽ ഉണ്ടായ ആദ്യത്തെ പ്രധാന ഡിസെബിലിറ്റി പഠനം. അദ്ദേഹത്തിന്റെ ശിഷ്യയായ നരവംശ ശാസ്ത്രജ്ഞ മാർഗരറ്റ് മീഡ് 1950-കളിൽ നടത്തിയ പൊതുപ്രസ്താവനയിൽ ഡിസെബിലിറ്റി വിഭാഗത്തേയും മുഖ്യധാരയിൽപ്പെടുത്തണമെന്നാവശ്യപ്പെട്ടു. ഇതാണ് ഡിസെബിലിറ്റി വിഭാഗത്തിനുവേണ്ടി ഉയർന്ന ആദ്യത്തെ ശബ്ദം. 1960–70-കളിലാണ് ഭിന്നശേഷിക്കാരുടെ അവകാശങ്ങളും സ്വാതന്ത്ര്യവും ചർച്ചാവിഷയമാകുന്നത്. അതുവരെ അംഗപരിമിതി എന്ന നിർഭാഗ്യം അതനുഭവിയ്ക്കുന്ന കുടുംബത്തിന്റെ, അതാതു വ്യക്തികളുടെ, സ്വകാര്യപ്രശ്നമായിരുന്നു. ഡിസെബിലിറ്റി പഠനങ്ങൾ ഈ വിഷയത്തിന്റെ യഥാർത്ഥ സ്വഭാവത്തെ പ്രത്യക്ഷവത്ക്കരിച്ചു. ഭിന്നശേഷി വിഭാഗം നേരിടുന്ന വൈയക്തിക പരിമിതികളേയും ചിന്താശേഷി കുറഞ്ഞ പൊതുസമൂഹം അവരിൽ അടിച്ചേല്പിയ്ക്കുന്ന സ്റ്റിഗ്മകളേയും മറികടക്കാൻ പ്രേരകമാകുന്ന നിഗമനങ്ങളിലേയ്ക്ക് അവ എത്തിച്ചേർന്നു. ഈ അവസ്ഥാവിശേഷം നിലവിലുള്ള സാമൂഹിക-രാഷ്ട്രതന്ത്ര സാഹചര്യത്തിൽ അവരെയും ഉൾക്കൊണ്ടുകൊണ്ട് പരിഹരിയ്ക്കേണ്ടതാണ്, ആരോഗ്യപരിരക്ഷകൾ നല്കി രോഗിയെന്ന വിവേചനബുദ്ധിയോടെ മാറ്റിനിർത്തേണ്ടവരല്ല ഭിന്നശേഷിക്കാർ എന്നതാണ് അവ നല്കുന്ന പാഠം.. "From a historical perspective, there are four distinct stages of social attitudes towards physical handicapped, these are exposure and destruction, care and protection, training and education, and social absorption" എന്ന്

ഡിസെബിലിറ്റി പഠനവിദഗ്ധ ഉഷ ഭട്ട് അഭിപ്രായപ്പെടുന്നു. ഭരണാധികാരികൾ ദുഷിക്കുമ്പോഴാണ് വിരൂപരും അന്ധരും മൂകരും തളർവാതം പിടിപെട്ടവരും ആയ പ്രജകളെക്കൊണ്ട് രാജ്യം നിറയുന്നതെന്ന് (അനുശാസനപർവ്വം, ഭാഗം 206) പറയുന്നുണ്ട്. ലോക സഞ്ചാരിയായ നാരദൻ "സമൂഹത്തിൽ പരിത്യക്തരായ അന്ധരേയും മൂകരേയും ബധിരരേയും ഭിന്നശേഷിക്കാരെയും നീ പിതാവ് പുത്രനെ എന്നപോലെ സംരക്ഷിക്കുന്നുണ്ടോ" എന്ന് യുധിഷ്ഠിരനോടു ചോദിക്കുന്നുണ്ട് (2: സഭാപർവ്വം, ഭാഗം: 5) രാജപത്നിയായ ദ്രൗപദി എന്നും സമൂഹത്തിലെ അവശതയനുഭവിക്കുന്നവരുടെ (അംഗപരിമിതിയുള്ളവരും കുള്ളൻമാരും ഉൾപ്പെടെ) ക്ഷേമത്തിൽ ശ്രദ്ധ പുലർത്തിയിരുന്നു. ഈ പരാമർശങ്ങൾകൊണ്ട് മാനുഷിക പരിഗണനകളെ പൂർണ്ണമായും തള്ളിക്കളഞ്ഞു കൊണ്ടല്ല, അവരോട് ഒരു മൃദുസമീപനം സ്വീകരിച്ചുകൊണ്ടാണ് വൈദികസമൂഹം നിലനിന്നിരുന്നത് എന്ന നിഗമനത്തിൽ എത്തിച്ചേരാം.

അടുത്തയിടെ അന്തരിച്ച അമേരിക്കൻ ഭിന്നശേഷി അവകാശപ്പോരാളി ജൂഡി ഹ്യൂമാൻ ഭിന്നശേഷിക്കാർക്കായുള്ള ചരിത്ര പ്രധാനമായ നിയമനിർമാണങ്ങൾക്കു പിന്നിലെ മുഖ്യപ്രേരക ശക്തിയായിരുന്നു. കൊച്ചിയിൽ 2023 ഏപ്രിലിൽ അവതരിപ്പിച്ച 'പ്രേരണ' എന്ന നൃത്തപരിപാടി ഓട്ടിസം ബാധിച്ച മകൾക്കു വേണ്ടിയുള്ള അമ്മയുടെ ജീവിതത്തിലെ പോരാട്ടങ്ങളെ ചിത്രീകരിക്കുന്നതായിരുന്നു. മലേഷ്യ സ്വദേശി ജഗദീശ്വരി കൃഷ്ണൻ മകൾ ഭാർഗ്ഗവിയ്ക്കു വേണ്ടി ജീവിച്ച നാൾവഴികൾ മുദ്രകളിലൂടെ ആവിഷ്കരിയ്ക്കുവാൻ നർത്തകി സന്ധ്യ മനോജിനെ സഹായിച്ചത് ഓട്ടിസം ബാധിച്ച കുട്ടികൾക്കായുള്ള മലേഷ്യയിലെ സ്കൂളിലെ യോഗ തെറാപ്പി പരിശീലകയായി പ്രവർത്തിച്ച അനുഭവമാണ്.

ഈ കഴിഞ്ഞ വർഷങ്ങളിൽ അക്കാഡമിയ എന്ന എഡ്യൂക്കേഷണൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച എൺപത്തിനാലോളം ഗവേഷണപ്രബന്ധങ്ങളിൽ ഡിസെബിലിറ്റി എന്ന അവസ്ഥ പ്രത്യേകപഠനവിഷയമാണ്. സുഭാഷ് ചന്ദ്രൻ എഴുതിയ 'സമുദ്രശില' എന്ന നോവലും കെ.ആർ. മീരയുടെ 'ഖബർ' എന്ന നോവലും ഓട്ടിസം ബാധിച്ച കുട്ടികളെ കേന്ദ്രകഥാപാത്രങ്ങളാക്കുന്നുണ്ട്. ഇപ്രകാരം സാമൂഹ്യപ്രവർത്തനവും കലാപ്രവർത്തനവും സാഹിത്യപ്രവർത്തനവും മുഖ്യധാരയിലേയ്ക്ക് അംഗപരിമിതരേയും കൂടി ഉൾപ്പെടുത്തിക്കൊണ്ട് നിർവ്വചിക്കപ്പെടുന്നുണ്ട്. തുറന്ന മനോഭാവത്തോടെയുള്ള പഠനങ്ങളും ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങളും ഈ ദശകത്തിൽ ഭിന്നശേഷിക്കാരുടെ ജീവിതത്തെ പ്രശ്നവത്ക്കരിയ്ക്കുകയും യാഥാർത്ഥ്യബോധത്തോടെ പ്രതീകവത്ക്കരിയ്ക്കുകയും ചെയ്തിട്ടുണ്ട്.

### കുറിപ്പുകൾ

1 ഋഗ്വേദം,പുരുഷസൂക്തം, മണ്ഡലം10, സൂക്തം 96.

2 ഋഗ്വേദം, ദീർഘതമസ്സൂക്തം, മണ്ഡലം 1, സൂക്തം 164 – 189.

3 കഠോപനിഷത്ത്, വല്ലി : II, ശ്ലോകം: 12

4 മനുസ്മൃതി, ശ്ലോകം, 61, 203.

5 അർത്ഥശാസ്ത്രം, ഭാഗം, 50.

6 മഹാഭാരതം, ആദിപർവ്വം, ആദ്ധ്യായം16, ശ്ലോകം 5 – 7

7 The Rights of persons with Disabilities Act, 2016. P.05. (Net Edition)

8 അവലംബം, വൈകല്യം വിക്കിപ്പീഡിയ. https://en.wikipedia.org.Disability

9

### ആധാരസൂചി

1. Aravind Sharma (Editor), ‘Essays on the Mahabharata’ MLBD, Delhi, 2007.
2. Christian Laes (Editor), ‘Disability in Antiquity, Journal of Disability & Religion, Routledge, Tylor and Francis group, London and New York, 2020
3. Dr. Sadashiv Ambadas Dange, Legends in Mahabhara with a brief survey of folk- tales, MLBD, 1969.
4. Neha Kumari, ‘Karmic Philosophy and the Model of Disability in Ancient India’, (article), International Journal of Arts, Science and Humanities, Vol.7, Issue: 1, 2019.5
5. 5. Ranjita Dawn, Role of Culture and Media in Disability Studies: A Medium of Social Construction of Disability’, Journal of Disability & Religion, Routledge.
6. Somdev Banik, ‘ Representation of Disabled Characters in Literature ‘, (article), International Journal of English Language, Literature and Translation Studies, Vol.3, Issue 2, 2016.
7. Tulasi Acharya, ‘Gender, Disability, And Literature In The Global South’, Thesis, Florida Atlantic University, Boca Raton, FL, August 2012.
8. സുകുമാർ അഴീക്കോട്, തത്ത്വമസി, ഡി.സി.ബി, 2012.
9. മഹാഭാരതം (ഗദ്യാഖ്യാനവും കിളിപ്പാട്ടും), യൂണിവേഴ്സൽ പ്രസ്സ് &പബ്ളിക്കേഷൻസ്, തിരുവനന്തപുരം, 2012.
10. ഡോ. എസ്.രാധാകൃഷ്ണൻ, ഭാരതീയദർശനം, ഒന്നാം വാള്യം, മാതൃഭൂമി, 1996.
11. ഋഗ്വേദസംഹിത: പരിഭാഷ. വള്ളത്തോൾ, വള്ളത്തോൾ ഗ്രന്ഥാലയം, 1955.

*lethasanthosh1@gmail.com*